# കേരളാ ആരോഗ്യ സർവകലാശാല

## സംസ്ഥാനതല അത്‌ലറ്റിക്മീറ്റ്

2024 മെയ് 3-5, കണ്ണൂർ ഗവ.മെഡിക്കൽ കോളേജ് സിന്തറ്റിക്ട്രാക്ക്

സംഘാടക സമിതി

| ചെയർമാൻ: | ജനറൽ കൺവീനർ: | ഓർഗനൈസിംഗ് സെക്രട്ടറി |
|---|---|---|
| ശ്രീ എം വിജിൻ MLA | ഡോ ടി കെ പ്രേമലത | ഡോ പി.പി ബിനീഷ് |

*നം :* മീ.ക /01/ കേ.ആ.സ.അ.മീ/2024

*തീയ്യതി* : 20/04/2024

### ആരോഗ്യ സർവകലാശാലാ സംസ്ഥാനതല അത്‌ലറ്റിക്മീറ്റ് :

## ലോഗോ ലഭിക്കേണ്ട അവസാനതീയ്യതി ഏപ്രിൽ 27

കണ്ണൂർ (പരിയാരം): മെയ് 3 മുതൽ 5 വരെയായി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് സിന്തറ്റിക് ട്രാക്കിൽ നടക്കുന്ന കേരളാ ആരോഗ്യ സർവകലാശാലാ (Kerala University of Health Sciences-KUHS) സംസ്ഥാനതല ഇന്റർസോൺ അത്‌ലറ്റിക് മീറ്റിന്റെ ലോഗോ ക്ഷണിച്ചു. ‘‘ആരോഗ്യരംഗത്ത് കായികമേഖലയുടെ പ്രാധാന്യം’’ എന്ന വിഷയത്തെ മുൻനിർത്തിയാണ് ലോഗോ തയ്യാറാക്കേണ്ടത്. ലോഗോ, മേൽസൂചിപ്പിച്ച വിഷയത്തിലൂന്നി സ്വന്തമായി രൂപപ്പെടുത്തിയതായിരിക്കണം. ഡിസൈൻ ചെയ്ത ലോഗോ JPEG/PDF ഫോർമാറ്റിൽ logokuhsathleticmeet@gmail.com എന്ന ഇ-മെയിൽ വിലാസത്തിലാണ് അയച്ചുനൽകേണ്ടത്. അവസാന തീയ്യതി 27.04.2024.

കേരളാ ആരോഗ്യ സർവകലാശാലയ്ക്ക് കീഴിൽ വരുന്ന മെഡിക്കൽ, ദന്തൽ, ആയുർവേദ, ഹോമിയോ, നേഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ, മറ്റ് അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആയിരത്തിൽപ്പരം അത്‌ലറ്റുകളാണ് സംസ്ഥാന ഇന്റർസോൺ അത്‌ലറ്റിക്മീറ്റിലെ വിവിധ പുരുഷ-വനിതാ മത്സരങ്ങളിൽ പങ്കെടുക്കുകയെന്നും സംഘാടക സമിതി ജനറൽ കൺവീനർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

24/4/24

**ഡോ ടി കെ പ്രേമലത** (പ്രിൻസിപ്പാൾ, കണ്ണൂർ ഗവ.മെഡിക്കൽ കോളേജ്)
**ജനറൽ കൺവീനർ, സംഘാടക സമിതി**